# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **4031** — **24/8/2017** -ലെ മറുപടി

## പഞ്ചായത്തുകളിലെ ജലവിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എൽദോസ് പി.കുന്നപ്പിള്ളിൽ<br>ശ്രീ. കെ.എസ്.ശബരീനാഥൻ | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പഞ്ചായത്തുകളിലെ ജലവിതരണം വീണ്ടും ജലനിധിയെ ഏൽപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) യും (ബി) യും ഇത്തരത്തിൽ തീരുമാനമെടുത്തിട്ടില്ല. |
| (ബി) ഇതിനുള്ള കരാറിന് ജലനിധിയും വാട്ടർ അതോറിറ്റിയും ഒപ്പുവച്ചിട്ടുണ്ടോ; വിശദാംശം എന്തെല്ലാം; | |
| (സി) പഞ്ചായത്തുകളിലെ ജലവിതരണം ജലനിധി സംവിധാനം വഴി നടപ്പാക്കിയതിനെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെല്ലാം; | (സി) ജലനിധി ഒന്നാംഘട്ടത്തിൽ 2003-2006 കാലയളവിൽ 5 പ്രാവശ്യം എക്സ്റ്റേണൽ കൺസൾട്ടന്റ് മുഖേന വിശകലനം നടത്തിയിരുന്നു. രണ്ടാംഘട്ടത്തിൽ ഇപ്രകാരം ഒരു പഠനം പൂർത്തിയാക്കിയിട്ടുണ്ട്. ആയതിന്റെ വിശകലനം ഇപ്പോൾ നടന്നു വരുന്നു. ഈ പഠനങ്ങളിലെല്ലാം മിക്ക പദ്ധതികളും നന്നായി നടന്നുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) ലോകബാങ്കിൽ നിന്നും എത്ര കോടി രൂപയാണ് ജലനിധി നടത്തിപ്പിന് ഇതുവരെ വായ്പയെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) ലോകബാങ്കിൽ നിന്നും ജലനിധി ഒന്നാംഘട്ടത്തിന് 276.18 കോടി രൂപയും രണ്ടാംഘട്ടത്തിന് നാളിതുവരെയായി 581.58 കോടി രൂപയും ചേർത്ത് ആകെ 857.76 കോടി രൂപ വായ്പയായി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

JSK/